# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4873 — 14.11.2019 -ൽ മറുപടിക്ക്

## സ്കൂൾ ഗെയിംസ് ടീം സെലക്ഷനായി എത്തിയവർ കടത്തിണ്ണയിൽ കിടക്കേണ്ടിവന്ന സാഹചര്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | പ്രൊഫ.സി.രവീന്ദ്രനാഥ് ( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ | സംസ്ഥാന സ്കൂൾ ഗെയിംസ് ടീം സെലക്ഷനായി കണ്ണൂരിലെത്തിയ കൗമാര താരങ്ങൾ ഒരു രാത്രി ഉറങ്ങി വെളുപ്പിക്കാൻ സ്റ്റേഡിയത്തിനടുത്ത കടത്തിണ്ണയിൽ കിടക്കേണ്ടിവന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ | സംസ്ഥാന സ്കൂൾ ഗെയിംസിന് വരുന്ന കുട്ടികൾക്കായി അക്കോമഡേഷൻ സെന്റർ ഒരുക്കിയിട്ടുണ്ടായിരുന്നു. അധികൃതരുമായി ബന്ധപ്പെട്ട കുട്ടികൾക്കെല്ലാം തന്നെ അക്കോമഡേഷൻ ഏർപ്പാടു ചെയ്യുകയും അവർ അവിടെ താമസിക്കുകയും മത്സരത്തിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. |
| ബി | കുട്ടികൾ ബാഗുമായി കടത്തിണ്ണയിൽ കിടക്കുന്ന ചിത്രം 'കായിക കേരളം കടത്തിണ്ണയിൽ' എന്ന അടിക്കുറിപ്പോടെ പുറത്തുവന്നത് ദേശീയ തലത്തിൽ തന്നെ സംസ്ഥാനത്തിനുണ്ടാക്കിയ അവമതിപ്പ് പരിശോധിക്കുകയുണ്ടായോ; | ബി &സി | സംസ്ഥാന സ്കൂൾ ഗെയിംസിന് വരുന്ന കുട്ടികൾക്കായി അക്കോമഡേഷൻ സെന്റർ ഒരുക്കിയിട്ടുണ്ടായിരുന്നു. എല്ലാ മത്സരങ്ങൾക്കും കുട്ടികളുടെ അക്കോമഡേഷൻ വളരെ പ്രാധാന്യത്തോടെയാണ് സർക്കാർ കാണുന്നത്. ആയത് കൃത്യമായി ചെയ്തു വന്നിട്ടുള്ളതുമാകുന്നു. കുട്ടികൾക്ക് വേണ്ടി എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടും, ഇത്തരത്തിലുള്ള ഒരു സംഭവം ഉണ്ടായത് സംബന്ധിച്ച കാര്യം പരിശോധിക്കുന്നതാണ്. |
| സി | എങ്കിൽ സർക്കാർ ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിദ്യാഭ്യാസവകുപ്പ് ഇതിനെക്കുറിച്ച് അന്വേഷിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | | |

സെക്ഷൻ ഓഫീസർ